

• സംഭാഷണം

# പ്ലാച്ചിമട സമരവും സ്വാതന്ത്ര്യത്തിന്

**2005 ആഗസ്റ്റ് 14-ന് പാലക്കാട് ടൗണിൽ 'യുവജനവേദി'യുടെ പ്ലാച്ചിമട കോള കമ്പനി പിടിച്ചെടുക്കൽ മാർച്ച് ഉത്ഘാടന സമ്മേളനത്തിൽ പ്ലാച്ചിമട കോക്കകോള വിരുദ്ധ സമരസമിതി രക്ഷാധികാരി വിളയോടി വേണുഗോപാൽ ചെയ്ത പ്രസംഗത്തിൽ നിന്ന്**



**സ്വാതന്ത്ര്യത്തിന്റെ** 58-ാം വാർഷികമാണ് നാളെ. 63 വർഷമായി നാം ആഗസ്ററ് വിപ്ലവത്തിന്റെ സ്മരണകൾ പുതുക്കുന്നു. സഹനസമരത്തിന്റെയും സായുധസമരത്തിന്റെയും രണ്ട് ധാരകളുണ്ടായിരുന്ന നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ. ഈ രണ്ട് ധാരകളും സ്വാതന്ത്ര്യം നേടാൻ നമ്മെ സഹായിച്ചു. സ്വാതന്ത്ര്യ സമരത്തിന്റെ കാലം അനവധി ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ കൊണ്ട് മുന്നിട്ട് നിന്നു. സ്വാതന്ത്ര്യത്തിനുശേഷം പിറ്റേവർഷം മുതൽ തന്നെ രാഷ്ട്രീയ കുംഭകോണങ്ങളുടെ പ്രളയം തുടങ്ങി. ഇപ്പോൾ മാഫിയകളുടെ ഭരണമാണ് മുന്നിട്ട് നിൽക്കുന്നത്. മദ്യമാഫിയ, പെണ്ണ് മാഫിയ, രാഷ്ട്രീയാധികാര മാഫിയ എലല്ലാം കഴിഞ്ഞ ബി.ജെ.പി. ഭരണകാലത്ത് 50,000 കോടികൾ എഴുതിത്തള്ളി. ഇവ 70 കുടുംബങ്ങളുടേതായിരുന്നു. ഇത്തരത്തിലുള്ള വ്യവസായ മാഫിയകളും കോള പോലുള്ള അന്തർദ്ദേശീയ മാഫിയകളുമാണിപ്പോൾ വാഴുന്നത്. ഇന്ന് ഇന്ത്യയിൽ രണ്ടായിരം ബഹുരാഷ്ട്ര കുത്തക സ്ഥാപനങ്ങൾ ഉണ്ടെന്നാണ് പറയുന്നത്. മാഫിയകളുടെ പാദസേവകരാണ് ഇന്ന് നമ്മെ ഭരിക്കുന്നത്. പാർലിമെന്റിനകത്തും നീതി ഇല്ലാതാകുന്നു. അബ്ദുൾ കലാമിന്റെ സെക്യൂരിറ്റിക്കാർ തന്നെ ബലാൽസംഗ കേസുകളിൽ പ്രതികളാവുന്നു.

ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തിന്റെ ഘട്ടത്തിലേക്കാണ് നാം നീങ്ങുന്നത്. പക്ഷേ ആരാണ് നമ്മുടെ പ്രതികൾ എന്നത് പ്രധാനമാണ്. സ്വാതന്ത്ര്യത്തിനായി പൊരുതി മരിച്ചവർക്ക് സ്വാതന്ത്ര്യത്തെക്കുറിച്ച് സ്വതന്ത്ര ഭാരതത്തെക്കുറിച്ചു ഒരു സങ്കല്പമുണ്ടായിരുന്നു. പക്ഷേ, നാം ഇന്ന് രോഗികളും ഭോഗികളും ആയി തീർന്നിരിക്കുന്നു.

ഭരണാധികാരികൾക്കും കോടതികൾക്കും സാമൂഹിക പ്രതിബദ്ധതയുണ്ടോ എന്നാണ് ഇന്ന് ഉന്നയിക്കപ്പെടുന്ന ചോദ്യം. ജനവിരുദ്ധമായ നടപടികളിലൂടെ ദുരിതത്തിന് മീതം ദുരിതമനുഭവിക്കുന്നവരെ പീഡിപ്പിക്കുന്ന അനുഭവങ്ങളാണ് നാമിപ്പോഴും നേരിടുന്നത്.

ദുരിതമനുഭവിക്കുന്നവരുടെ പക്ഷത്തു നിന്നുകൊണ്ട് വീണ്ടുമൊരു സ്വാതന്ത്ര്യ സമരത്തിന് നാം ഒരുക്കമാണോ.

സ്വാതന്ത്രമായി ജീവിക്കാനുള്ള അവകാശം തന്നെയാണ് പ്ലാച്ചിമടയിലും കയ്യേറ്റം ചെയ്യപ്പെടുന്നത്. പ്ലാച്ചിമട സമരവും സ്വതന്ത്ര ഭാരതത്തിനായുള്ള സമരത്തിന്റെ ഭാഗമാണ്.

---

***? കോളകമ്പനിക്കെതിരെ ജനതാദൾ രംഗത്തു വരാനുള്ള കാരണം എന്താണ്?***

പെരുമാട്ടി പഞ്ചായത്തിൽ ഇരുന്നൂറ്റമ്പതോളം ബോർവെല്ലുകളുണ്ട്. കോളയുടെ അമിതമായ വെള്ളമൂറ്റൽ മൂലം എഴുപതോളം കിണറുകൾ ഉപയോഗിക്കാനാവാതായി. നൂറും ഇരുന്നൂറും അടിയിലുള്ള കുഴൽക്കിണറുകളിലെ ഭൂഗർഭജല നിരപ്പ് താഴ്ന്നതുകൊണ്ടാണ് കുഴൽക്കിണറുകളിൽ വെള്ളമില്ലാതായത്. ഇപ്പോൾ 1000 അടി വരെയുള്ള കുഴൽക്കിണർ കുഴിച്ചിട്ടും വെള്ളം കിട്ടാത്ത അവസ്ഥയാണുള്ളത്. കോഴിക്കോട് സി.ഡബ്ലിയു.ആർ.ഡി. എമ്മിന്റെ പഠന പ്രകാരം 670 അടി താഴ്ന്നു കഴിഞ്ഞാൽ ഭൂജലനിരപ്പ് കടൽ നിരപ്പിലെത്തുമെന്നും, പിന്നീട് ഉപ്പുവെള്ളമാണ് ലഭിക്കുകയെന്നും മനസ്സിലായതോടെയാണ് കോളയ്ക്കെതിരെ പാർട്ടി രംഗത്തിറങ്ങാൻ തയ്യാറായത്.

***? കോളകമ്പനിയുടെ ലൈസൻസ് പെരുമാട്ടി പഞ്ചായത്ത് റദ്ദ് ചെയ്തു. എന്നാലിതുവരെ പെപ്സിയുടെ ലൈസൻസ് പുതുശ്ശേരി പഞ്ചായത്ത് റദ്ദ് ചെയ്യാത്തതെന്തുകൊണ്ടാണ്?***

കോളയും പെപ്സിയും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ എന്തൊക്കെ? ഇവയിലെ ചേരുവകളെന്തൊക്കെ എന്നീ വിവരങ്ങൾ നൽകാൻ ഈ കമ്പനികൾ തയ്യാറാവണം. ജലം സംരക്ഷിക്കുവാൻ ഗ്രാമപഞ്ചായത്ത് ബാദ്ധ്യസ്ഥരാണ്. ഖരമാലിന്യങ്ങൾ സംസ്കരിച്ചാൽ പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നില്ലെന്ന് വ്യക്തമായ തെളിവ് ഹാജരാക്കണം. കോളയുടെ ശീതള പാനീയങ്ങളിൽ വിഷാംശമില്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം. ഇതൊന്നും നൽകാൻ കോളകമ്പനി തയ്യാറായില്ല. അതുകൊണ്ട് ലൈസൻസ് പുതുക്കി കൊടുത്തില്ല. പെപ്സി കമ്പനിക്കും ഇതുപോലുള്ള നോട്ടീസ് നൽകി അവർ വ്യക്തമായ മറുപടി നൽകിയില്ലെങ്കിൽ, പുതുശേരി ഗ്രാമപഞ്ചായത്തിന് ലൈസൻസ് റദ്ദാക്കാനുള്ള അധികാരമുണ്ട്.

***? ഇവിടത്തെ രാഷ്ട്രീയ പാർട്ടികൾ വിചാരിച്ചാൽ കോള-പെപ്സി കമ്പനിയെ പൂട്ടിക്കാൻ കഴിയില്ലേ?***

കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മനസ് വെച്ചാൽ 12 മണിക്കൂറിനകം കമ്പനികളെ പൂട്ടിക്കാം. സമരം ആളുകളെ ധരിപ്പിക്കുന്ന രീതിയിൽ നടത്തുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. രാഷ്ട്രീയ പാർട്ടികളെല്ലാവരും ചേർന്ന് ആത്മാർത്ഥമായി സമരം ചെയ്താൽ കോളയും പെപ്സിയുമൊക്കെ ഇവിടുന്ന് ഓടിപ്പോവും.

***? കോളകമ്പനിയുടെ പ്രവർത്തനം മൂലം പ്ലാച്ചിമടയിലെ ആദിവാസി സമൂഹത്തിനുണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾ വാങ്ങിച്ചു കൊടുക്കാൻ തയ്യാറാവുമോ?***

ആദിവാസികൾ നടത്തുന്ന സമരം ന്യായമായതുകൊണ്ട് കോള നഷ്ടപരിഹാരം നൽകണമെന്നു തന്നെയാണ് പാർട്ടിയുടെ ആവശ്യം. അതിനുവേണ്ടി കോളവിരുദ്ധ സമരസമിതിയുമായി ആലോചിച്ച് വേണ്ടതു ചെയ്യും.